# ‘യേശുവിനെ ഞാൻ സ്തുതിക്കുന്നു’

## 1 തിമൊഥെയോസ് 1:12

**“എനിക്കു ശക്തി നൽകി, എന്നെ വിശ്വസ്തനായി പരിഗണിച്ച് തന്റെ ശുശ്രൂഷയ്ക്കു നിയോഗിച്ച നമ്മുടെ കർത്താവായ ക്രിസ്തു യേശുവിനെ ഞാൻ സ്തുതിക്കുന്നു.”**

പൗലോസിനു ലഭിച്ച ദൈവകൃപയെ ഓർത്ത് ദൈവത്തെ സ്തുതിച്ചു പാടുന്ന ഒരു വചനഭാഗമാണ് നാം മേൽ വായിച്ചു കണ്ടത്. അത്, അതിന്റെ 17 വാക്യം വരെ വായിക്കുമ്പോൾ വ്യക്തമായി കാണുവാൻ സാധിക്കും. വാസ്തവത്തിൽ പൗലോസിനു ലഭിച്ച ദൈവ കൃപ എന്തായിരിക്കും? പൗലോസിന്റെ മുൻകാല ജീവിതം ഒന്നു എടുത്തു പരിശോധിച്ചാൽ കാണാൻ കഴിയും അവൻ ശൗൽ എന്നറിയപ്പെട്ടിരുന്ന റോമ പൗരപ്രമുനായിരുന്നു, അറിവിലും, ധനമാനത്തിലും എന്തിന് ഈ ലോകപ്രകാരമുള്ള എല്ലാത്തിലും മുൻപന്തിയിൽ നിൽക്കുന്നവൻ എന്നു വേണമെങ്കിൽ നമുക്ക് അവനെ കണക്കിടാം. അണാനെയുള്ള അവൻ ക്രിസ്തുവിന്റെ അനുയായികളെയും ക്രിസ്തീയസഭകളെയും പീഢിപ്പിച്ചു പോന്നിരുന്ന കാലം. ആ അവസരത്തിലാണ് കർത്താവ് അവന് പ്രത്യക്ഷപ്പെടുകയും അതു വഴി അവൻ മാനസാന്തരത്തിലേക്ക് കടന്നു വരികയും ചെയ്യുന്നു. ഇതൊക്കെ നമുക്ക് വളരെ നന്നായി അറിയാവുന്ന ഭാഗങ്ങളാണ്. എന്നാൽ നാം ചിന്തിച്ചു വന്നത് പൗലോസിനു ലഭിച്ച ദൈവ കൃപയെക്കുറിച്ചാണ്. ഇനിയൊന്നു ചിന്തിച്ചാൽ നമുക്കത് വ്യക്തമായി കാണാൻ കഴിയും.

അവൻ കർത്താവിനെ അറിഞ്ഞ്, മാനസാന്തരപ്പെട്ട നാൾ മുതൽ അവന്റെ ജീവിതത്തിൽ ക്രിസ്തുവല്ലാതെ മറ്റൊരു ലക്ഷ്യവുമില്ലായിരുന്നു. അതു കൊണ്ടാണ് പൗലോസ് പറഞ്ഞത് ‘എനിക്കു ജീവിതം ക്രിസ്തുവും, മരണം ലാഭവുമാകുന്നു എന്ന്.’ കാരണം അവൻ അവന്റെ ജീവിതത്തെക്കുറിച്ച് പുകഴ്ത്തിപ്പറയുകയോ ഒന്നുമല്ല, ഒരു പക്ഷെ പൗലോസിന്റെ മുൻകാല ജീവിതം അടിസ്ഥാനമാക്കി കർത്താവ് അവനു വലിയ പദവി കൊടുത്തുവെന്നോ ഒന്നും അവൻ വീമ്പു പറയുന്നതായി നാം കണക്കാക്കേണ്ട. കാരണം ഇവിടെ കർത്താവിനെ വാസ്തവമായി അറിഞ്ഞ നാൾ മുതൽ അവന്റെ ജീവിതം കർത്താവിൽ ഭരമേൽപ്പിച്ച് ജീവിക്കുവാൻ അവൻ തീരുമാനിച്ചു, അതു കർത്താവ് അവനു കണക്കിട്ടു. അവന്റെ മുൻ കാല പാപമെല്ലാം തന്റെ രക്തത്താൽ കഴുകി വെടിപ്പാക്കി അവനെ തന്റെ ശുശ്രൂഷക്കായി ഒരുക്കി. ഇതാണ് പൗലോസിനു ലഭിച്ച ദൈവ കൃപ. അവനെ വിശ്വസ്തനെന്നെണ്ണുവാൻ തക്കവണ്ണം ദൈവം അവനിൽ കൃപ ചൊരിഞ്ഞു. അവിടെ അവൻ ചെയ്ത പാപമോ അവന്റെ ക്രൂരതയോ ഒന്നും അവൻ കണക്കിട്ടില്ല. അന്നു വരെ അവനിലുണ്ടായിരുന്ന സകല കുറവും തുടച്ചു മാറ്റി ഒരു പുതിയ

സൃഷ്ടിയാക്കി മാറ്റി. അതു കൊണ്ടാണ് പൗലോസ് തന്റെ ലേഖനത്തിൽ പറഞ്ഞത് 'ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയത്രെ' എന്ന്. അത് അനുഭവിച്ച ഒരാൾക്കു മാത്രമേ അത്ര ഉറപ്പോടു കൂടി പറയാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ ഈ അളവറ്റ കൃപയെ പൗലോസ് വളരെ അതിശയോക്തിയോടു കൂടിയാണ് കാണുന്നത്.

അങ്ങനെയെങ്കിൽ പാപികളിൽ പാപിയാം നമ്മെ ഓരോരുത്തരെയും അവന്റെ രക്തത്താൽ അവൻ വീണ്ടെടുത്തിട്ടുണ്ടെങ്കിൽ നമ്മെയും അവന്റെ കൃപയിൽ ജീവിക്കുവാൻ ഇടയാക്കുവാൻ അവൻ മതിയായവനാണ്. അവന്റെ ശുശ്രൂഷക്കു വിളിച്ചു വേർതിരിക്കുവാൻ അവൻ ശക്തനാണ്. പക്ഷെ പൗലോസിനെ പോലെ നാമും നമ്മുടെ ജീവിതം പൂർണ്ണമായി കർത്താവിൽ ഭരമേൽപ്പിക്കാൻ തയ്യാറാവണം. നമ്മുടെ നീതിയെ പ്രഭാതം പോലെയും ന്യായത്തെ മദ്ധ്യാഹ്നം പോലെയും പ്രകാശിപ്പിക്കാൻ കഴിവുള്ളവനായ ദൈവമാണവൻ. പക്ഷെ നാം അവനാകുന്ന വെളിച്ചത്തിൽ പൂർണ്ണമായും വിളങ്ങുവാൻ ശ്രമിക്കണം.

1 യോഹന്നാൻ 1:7 "എന്നാൽ അവിടുന്നു വെളിച്ചത്തിൽ ആയിരിക്കുന്നതു പോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്; അവിടുത്തെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽ നിന്നും നമ്മെ ശുദ്ധീകരിക്കുന്നു."

പ്രിയ വിശ്വാസിയെ നാം ഒന്നോർക്കണം, നാം നമ്മുടെ ജീവിതം എങ്ങനെ തുടങ്ങി എന്നല്ല കർത്താവ് നോക്കുന്നത് മറിച്ച് അത് നാം ഏങ്ങനെ പര്യവസാനിപ്പിച്ചു എന്നാണ്. അവന് അതാണ് താത്പര്യം, കാരണം ഒരുവൻ ഈ ലോകത്തിൽ അതിന്റേതായ മോഹങ്ങൾക്കും പാപത്തിനും അടിമയാക്കപ്പെട്ട് തന്റെ ജീവിതം മ്ലേച്ഛതകളിലൂടെ നയിക്കുമ്പോൾ അവൻ കർത്താവിനെ അറിഞ്ഞ് അവനെ രക്ഷിതാവായി സ്വീകരിച്ച് അതിനു ശേഷം അവന്റെ ആയുസ്സിന്റെ അന്ത്യംവരെ അവൻ കർത്താവിന് ഭരമേൽപ്പിച്ചു തന്റെ ജീവിതം നയിക്കുന്നു എങ്കിൽ അവന്റെ ആത്മാവിനെ നഷ്ടപ്പെടാതെ കർത്താവ് കാക്കും. അവന്റെ പര്യവസാനം ശുഭമായിരിക്കും. ആയതു കൊണ്ട് നിന്നെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാം വണ്ണം വിശ്വസ്തനായി ജീവിക്കുക, നിന്റെ ജീവിതം കർത്താവിൽ ഭരമേൽപ്പിക്കുക, അവൻ അത് അന്ത്യത്തോളം കാക്കുവാൻ മതിയായവനാണ്. യേശുവിനെ നിത്യം സ്തുതിക്കുന്നവരായി നാം മാറ്റപ്പെടണം. അവന്റെ ശുശ്രൂഷക്കായി നീ നിന്നെത്തന്നെ ഒരുക്കി അവനായി സമർപ്പിക്കുക. അവന്റെ അളവറ്റ കൃപ നിന്റെ ജീവിതത്തിൽ അനുഭവിക്കുവാൻ ഇടയായി തീരും.

അപ്രകാരം യേശുവിനെ നിത്യം സ്തുതിക്കുന്നവരായി തീരുവാനും കർത്താവിന്റെ അളവറ്റ കൃപയാൽ നാം ഓരോരുത്തരെയും അവൻ അവന്റെ ശുശ്രൂഷകന്മാരായി തീർക്കുവാനും ഇടയാകട്ടെ എന്നു ദൈവത്തോട് പ്രാർത്ഥിക്കാം. അതിന്നായി നമ്മെ

ഒരുക്കുവാൻ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ സഹായിക്കുമാറാകട്ടേ. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**സങ്കീർത്തനങ്ങൾ 100:1–2**

**"സകലഭൂവാസികളുമേ, സന്തോഷത്തോടെ യഹോവയ്ക്ക് ആർപ്പിടുവിൻ. സന്തോഷത്തോടെ യഹോവയെ ആരാധിക്കുവിൻ; ആനന്ദഗാനങ്ങളോടെ തിരുമുമ്പിൽ വരുവിൻ.''**

**ബ്രദർ ബിനു ബേബി ആലപ്പുഴ 036**